**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2483** **13-09-2023 - ൽ മറുപടിയ്ക്ക്**

**വാതിൽപ്പടി സേവനപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാതിൽപ്പടി സേവനപദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി സന്നദ്ധസേവന അംഗങ്ങൾക്ക് വേതനം നൽകുന്ന പദ്ധതി ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; | (എ) | **ഇല്ല.** |
| (ബി) | എത്ര രൂപയുടെ പദ്ധതി ഏറ്റെടുക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്; | (ബി) | **ഇല്ല.** |
| (സി) | അനുമതി നൽകിയിരിക്കുന്ന തുക എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കുന്നതിന് പര്യാപ്തമാണോയെന്ന് വ്യക്തമാക്കുമോ; | (സി) | വാതിൽപ്പടി സേവനം പദ്ധതിയുടെ നിർവഹണത്തിനാവശ്യമായ സാമ്പത്തികകാര്യ മാർഗ്ഗരേഖ പ്രകാരം പദ്ധതി നടത്തിപ്പിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും യാത്രാ/ഇന്ധന ചെലവുൾക്കും ജീവൻരക്ഷാ മരുന്നുകൾ വാങ്ങുന്നതിനും മറ്റുമായി ഗ്രാമ പഞ്ചായത്തുകൾ ഒരു ലക്ഷം രൂപ വീതവും മുനിസിപ്പാലിറ്റികൾ രണ്ട് ലക്ഷം രൂപ വീതവും കോർപ്പറേഷനുകൾ അഞ്ച് ലക്ഷം രൂപ വീതവും തനത് ഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ വകയിരുത്താവുന്നതാണ്. പദ്ധതി തുക കൂടാതെ വ്യക്തികളിൽ നിന്നുള്ള സംഭാവന, കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിളിറ്റി ഫണ്ട്, സ്പോൺസർഷിപ്പ് എന്നിവയിലൂടെ ധനം പ്രത്യേക അക്കൗണ്ടിൽ സ്വരൂപിച്ച് പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവ് ചെയ്യാവുന്നതാണ്. ഇത് കൂടാതെ ഫണ്ട് സ്വരൂപിക്കുന്നതിലേയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാനദണ്ഡങ്ങൾക്കനുസൃതമായി കലാ കായിക വിനോദ സാസ്കാരിക വാണിജ്യ മേളകൾ സംഘടിപ്പിക്കാവുന്നതാണ്. |
| (ഡി) | പദ്ധതി നടപ്പിലാക്കുന്നതിന് ഒരു വർഷം ശരാശരി എത്ര രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്? | (ഡി) | ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും കണ്ടെത്തിയിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം, നൽകുന്ന സേവനങ്ങൾ , തുടങ്ങി വിവിധ ഘടകങ്ങളനുസരിച്ചാണ് പദ്ധതി നടത്തിപ്പിന് തുക ആവശ്യമായി വരുന്നത്. |

സെക്ഷൻ ഓഫീസർ